©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2016 മാർച്ച് 5<br>5th March 2016<br>1191 കുംഭം 21<br>21st Kumbham 1191<br>1937 ഫാൽഗുനം 15<br>15th Phalguna 1937 | നമ്പർ<br>No. | 606 |


## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 20548/ഇ1/2015/തൊഴിൽ. *തിരുവനന്തപുരം, 2016 ഫെബ്രുവരി 29 / 1191 കുംഭം 16.*

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലിനിരക്കുകൾ സംബന്ധിച്ച് താഴെ പട്ടികയിൽ പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്നതനുസരിച്ച് അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.

33/954/2016/S-28.

ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ ഇത് പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ട് മാസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ അവയും സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു. എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## പട്ടിക

| *ക്രമ നമ്പർ* | *തസ്തിക* | *പ്രതിമാസ അടിസ്ഥാന വേതനം (രൂപ)* |
|---|---|---|
| (1) | (2) | (3) |
| 1 | മാനേജർ | 12,750 |
| 2 | ഫോട്ടോഗ്രാഫർ | 12,250 |
| 3 | വീഡിയോഗ്രാഫർ | |
| 4 | ഡിസൈനർ/ഗ്രാഫിക് ഡിസൈനർ | 12,250 |
| 5 | വീഡിയോ എഡിറ്റർ | |
| 6 | സ്റ്റുഡിയോ ആർട്ടിസ്റ്റ് | |
| 7 | പ്രിന്റിംഗ് ടെക്നീഷ്യൻ | 12,000 |
| 8 | ക്യാമറ ടെക്നീഷ്യൻ | |
| 9 | ക്യാമറ മെക്കാനിക്ക് | |
| 10 | അസിസ്റ്റന്റ് വീഡിയോഗ്രാഫർ | 11,750 |
| 11 | അസിസ്റ്റന്റ് ഫോട്ടോഗ്രാഫർ | |
| 12 | അസിസ്റ്റന്റ് ഡിസൈനർ/ ഗ്രാഫിക് ഡിസൈനർ | |
| 13 | അസിസ്റ്റന്റ് മാനേജർ/ സൂപ്പർവൈസർ | |
| 14 | അക്കൗണ്ടന്റ് /കാഷ്യർ | 11,250 |

| (1) | (2) | (3) |
|---|---|---|
| 15 | മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് | 10,250 |
| 16 | ഫോട്ടോഗ്രാഫി അസിസ്റ്റന്റ് | |
| 17 | വീഡിയോഗ്രാഫി അസിസ്റ്റന്റ് | |
| 18 | ഫോട്ടോ ഫ്രൈമിംഗ്മാൻ | |
| 19 | ക്ലാർക്ക് | 10,250 |
| 20 | കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്/ റിസപ്ഷനിസ്റ്റ് | 9,500 |
| 21 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | |
| 22 | ഫോട്ടോകോപ്പിയർ ഓപ്പറേറ്റർ | |
| 23 | സ്റ്റുഡിയോ അസിസ്റ്റന്റ്/ ലാബ് അസിസ്റ്റന്റ്/ലൈറ്റ് ബോയ്/ | 9,250 |
| 24 | സ്റ്റുഡിയോ ബോയ്/ബൈൻഡർ/ ഫ്രേമിംഗ് വർക്കർ/ | |
| 25 | ലാമിനേഷൻ വർക്കർ | |
| 26 | അറ്റൻഡർ/പ്യൂൺ/ ആഫീസ് അറ്റൻഡന്റ്/ബൈന്റിംഗ് അസിസ്റ്റന്റ്/ | 9,000 |
| 27 | ഫ്രേമിംഗ് അസിസ്റ്റന്റ് | |
| 28 | വാച്ച്മാൻ | 8,750 |
| 29 | സ്വീപ്പർ/ക്ലീനർ | |

**1. ക്ഷാമബത്ത**

അടിസ്ഥാന ശമ്പളത്തിന് പുറമേ സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കായി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃ വിലസൂചികയിലെ 250 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 26 രൂപ നിരക്കിൽ മാറുന്ന ക്ഷാമബത്ത (വേരിയബിൾ ഡി. എ.) നൽകേണ്ടതാണ്.

ഇടുക്കി, വയനാട് ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**2. സർവ്വീസ് വെയിറ്റേജ്**

ഒരു സ്ഥാപനത്തിൽ അഥവാ ഒരു തൊഴിലുടമയുടെ കീഴിൽ, അന്തിമ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ അഞ്ച് വർഷമോ അതിലധികമോ തുടർച്ചയായ സേവന കാലയളവുള്ള തൊഴിലാളികൾക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും പുതുക്കിയ അടിസ്ഥാന ശമ്പളത്തിന്റെ ഒരു ശതമാനം വീതം പരമാവധി പതിനഞ്ച് ശതമാനം തുക അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി സർവ്വീസ് വെയിറ്റേജ് നൽകേണ്ടതാണ്. അന്തിമ വിജ്ഞാപനം നിലവിലിരിക്കുന്ന കാലയളവിൽ മേൽപ്പറഞ്ഞ പ്രകാരം സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ളതോ പൂർത്തിയാക്കുന്നതോ ആയ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ സർവ്വീസ് വെയിറ്റേജ് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

**3. സ്പെഷ്യൽ അലവൻസ്**

ഔട്ട്ഡോർ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്ക് പ്രസ്തുത ദിവസങ്ങളിൽ അവരുടെ അടിസ്ഥാന ദിവസവേതനത്തിന്റെ 10% വരുന്ന തുക അതതു ദിവസത്തെ അലവൻസായി നൽകേണ്ടതാണ്.

**4. പൊതു വ്യവസ്ഥകൾ**

(1) ഈ മേഖലയിലെ ഏതെങ്കിലും തസ്തികകൾ പട്ടികയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ അത്തരം ജീവനക്കാർക്ക് സമാന ജീവനക്കാരുടെ വേതനത്തിന്റെയും ക്ഷാമബത്തയുടേയും അധിക അലവൻസിന്റെയും സർവ്വീസ് വെയിറ്റേജിന്റെയും നിരക്കിൽ വേതനം നൽകേണ്ടതാണ്.

(2) ഏതെങ്കിലും തൊഴിലാളിക്ക് ദിവസവേതനം കണക്കാക്കേണ്ടി വരികയാണെങ്കിൽ ക്ഷാമബത്ത അടക്കമുള്ള മൊത്തം മാസശമ്പളത്തെ 26 കൊണ്ട് ഹരിച്ച് കണക്കാക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞ വേതനത്തിലും ആനുകൂല്യത്തിലും കവിഞ്ഞ വേതനമോ ആനുകൂല്യമോ ഏതെങ്കിലും തൊഴിലാളിക്ക് തൊഴിലുടമയിൽ നിന്നും ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനവും ആനുകൂല്യവും തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

No. 20548/E1/2015/LBR. *Dated, Thiruvananthapuram, 29th February, 2016*
*16th Kumbham, 1191.*

The following proposals regarding the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), as payable to the employees employed in Photography and Videography sector in the State, as specified below, are hereby published for the information of all persons likely to be affected thereby, as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that this proposal will be taken up for consideration on or after two months from the date of its publication in the Gazette and the objections and suggestions, if any, that may be received from any person with respect to the said proposals on or before the date specified above will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram-695 001.

SCHEDULE

| Sl. No. | Post | Basic wage rate per month (₹) |
|---|---|---|
| (1) | (2) | (3) |
| 1 | Manager .. | 12,750 |
| 2 | Photographer | 12,250 |
| 3 | Videographer | |
| 4 | Designer/Graphic Designer | 12,250 |
| 5 | Video Editor | |
| 6 | Studio Artist | |
| 7 | Printing Technician | 12,000 |
| 8 | Camera Technician | |
| 9 | Camera Mechanic | |
| 10 | Assistant Videographer | 11,750 |
| 11 | Assistant Photographer | |
| 12 | Assistant Designer/Graphic Designer | |
| 13 | Assistant Manager/Supervisor | |
| 14 | Accountant/Cashier .. | 11,250 |
| 15 | Marketing Executive | 10,250 |
| 16 | Photography Assistant | |
| 17 | Videography Assistant | |
| 18 | Photo Framing man | |
| 19 | Clerk .. | 10,250 |
| 20 | Customer Care Executive/Receptionist | 9,500 |
| 21 | Computer Operator | |
| 22 | Photocopier Operator | |

| (1) | (2) | (3) |
|---|---|---|
| 23 | Studio Assistant/Lab Assistant/ Light Boy | 9,250 |
| 24 | Studio Boy/Binder/Framing Worker | |
| 25 | Lamination Worker | |
| 26 | Attender/ Peon/ Office Attendant/ Binding | 9,000 |
| 27 | Assistant/Framing Assistant | |
| 28 | Watchman | 8,750 |
| 29 | Sweeper/Cleaner | |

**1. Dearness Allowances**

In addition to the basic rates of wages, the employees shall be eligible for Variable Dearness Allowance at the rate of ₹ 26 for every increase of one point above 250 points (new series 1998-99=100) of the Consumer Price Index Numbers published by the Department of Economics and Statistics for concerned District Headquarters.

In respect of Idukki and Wayanad districts, dearness allowance shall be paid on the basis of the Consumer Price Index Number published for Munnar and Meppadi Centres respectively.

**2. Service Weightage**

The employees who have completed not less than five years of continuous service under an employer or in an establishment as on the date of coming into force of the final notification, shall be paid service weightage, in their basic pay at the rate of one percentage of their basic wages at the revised rate of every completed year of service subject to a maximum of fifteen percentage. For those employees who have completed/ completing the above service period during the existing period of this notification shall also be given the service weightage stated above.

**3. Special Allowance**

A minimum of 10% of the basic wage shall be provided as Special allowance to those employees who are engaged in outdoor works performed on those days.

**4. General Conditions**

(i) If any other posts in this sector are not included in the Schedule above, then such posts should be provided with the rate of Minimum wages, Dearness Allowance, Special Allowance, Increment and Service Weightage prescribed for the similar posts in the sector.

(ii) For the calculation of daily wages for categories in respect of which monthly wages have been fixed in the notification, basic monthly wage including Dearness Allowance shall be divided by 26.

(iii) In the case of employees of any establishment or under an employer who are at present getting higher wages than the Minimum Wages as per this notification they shall continue to enjoy such higher rates.

By order of the Governor,

TOM JOSE,

*Additional Chief Secretary to Government.*